മുഖ്യമന്ത്രി (ശ്രീ. പട്ടം. താണുപിള്ള):

(എ) ഉണ്ട്.

(ബി) നിർദ്ദേശങ്ങൾ ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിൽ മാത്രമല്ല ഗവണ്മെൻറിൻെറ യാതൊരു ചെലവുകളിലും ഇത്തരം വിവേചനങ്ങൾ ഉണ്ടാവുകയില്ല. അതിന് പ്രത്യേകിച്ച് ഉറപ്പുകൾ ആവശ്യമില്ല.

ഭാഷാദ്ധ്യാപകന്മാർ

※ 38. [53] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ പ്രൈമറിസ്കൂളുകളിൽ ഭാഷാദ്ധ്യാപകന്മാരെ നിയമിക്കേണ്ടതില്ല എന്നുള്ള മുൻഗവണ്മെൻറിൻെറ തീരുമാനം പുനഃപരിശോധന നടത്തേണ്ടതാണെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ;

(ബി) ഈ നയംമൂലം പൗരസ്ത്യഭാഷാ ബിരുദധാരികൾ തൊഴിലില്ലാതെ അലയുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെക്കുറിച്ച് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർ കോയ):

(എ) ഇക്കാര്യം ഇപ്പോൾ ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

എൽ. ഡി. പ്രവൃത്തികൾ.

※ 39. [54] ശ്രീ. ഇ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. പ്രവൃത്തികൾ ഏതു തീയതിക്കവസാനിപ്പിക്കാനാണ് കല്പന കൊടുത്തിട്ടുള്ളതു്;

(ബി) 1960 മാർച്ച് 31-ാംനു-വരെ നീട്ടിക്കൊടുക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) സാമ്പത്തിക വർഷത്തിൻെറ അവസാനത്തീയതിവരെ എങ്കിലും സമയം നീട്ടിക്കൊടുക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പട്ടം. താണുപിള്ള):

(എ) സാമ്പത്തികവർഷം 1958-59-ൽ അംഗീകരിച്ചിട്ടുള്ള ജോലികൾ 31-3-1960-നു മുൻപായും, ജലവിതരണപദ്ധതിയിലുൾപ്പെട്ട പുതിയ പ്രവൃത്തികൾ 30-6-1960-നു മുമ്പായും അവസാനിപ്പിക്കുവാനാണ് കല്പന കൊടുത്തിട്ടുള്ളതു്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മലബാറിലെ പഞ്ചായത്തുകൾ.

* 40. [55] ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഭാഗത്തേക്കുള്ള പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് എത്ര കാലമായി;

(ബി) പല പഞ്ചായത്തുകളിലേയും മെമ്പറന്മാർ രാജിവയ്ക്കുകയോ യോഗങ്ങളിൽ പങ്കെടുക്കാത്തതു കാരണം മെമ്പർസ്ഥാനം നഷ്ടപ്പെടുകയോ ചെയ്തിരിക്കകൊണ്ട് സ്ഥിരമായ നടപടിക്രമമനുസരിച്ച് യോഗങ്ങൾതന്നെ കൂടാറില്ലെന്നുള്ളതു് ശരിയാണോ;

(സി) ഇങ്ങനെ ശരിയായി യോഗം ചേരാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്;

(ഡി) കഴിയുന്നതുംവേഗം പുതിയ പഞ്ചായത്തു നിയമം കൊണ്ടുവന്ന് തെരഞ്ഞെടുപ്പ് നടത്താൻ ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. താണുപിള്ള):

(എ) ഏകദേശം ഏഴു വർഷമായി.

(ബി) ചെറിയ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ശരിയാണ്. പക്ഷേ മേജർ പഞ്ചായത്തുകളെല്ലാം നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രമിക്കും.

## UNSTARRED QUESTIONS AND ANSWERS

ശ്രീ. പി. ഗോവിന്ദപ്പിള്ള, എക്സ്. എം. എൽ. ഏ.-യെ കയ്യേററം ചെയ്യതായ പരാതി.

1. [1] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 ജൂലൈ 28-ാംനു- പെരുമ്പാവൂരിനു് അടുത്തു മുടിക്കൽ എന്ന സ്ഥലത്തുവച്ച് ശ്രീ. പി. ഗോവിന്ദപ്പിള്ള, എക്സ്. എം. എൽ. ഏ. അവർകളെ ചിലർ കയ്യേററം ചെയ്യതായി ഒരു പരാതി ഗവൺമെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുററക്കാരെ ശിക്ഷിക്കുന്നതിനു എന്തു നടപടി എടുത്തെന്നു വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കുററക്കാർ ഉണ്ടായിരുന്നില്ല. പരാതിയിലെ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു് തെളിയുകയാൽ നടപടി ഒന്നും എടുത്തിട്ടില്ല.

വിദ്യാഭ്യാസ ആക്ററ്.

2. [2] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ആക്ടിലെ എല്ലാ വകുപ്പുകളും ഗവൺമെൻറു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നില്ല, എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly